## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3498** — **23.06.2014 -ലെ മറുപടിക്ക്**

### കാണാതായ വിവാഹപ്രായമെത്തിയ പെൺകുട്ടികൾ - കാസർഗോഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവാഹപ്രായമെത്തിയ പെൺകുട്ടികൾ കാണാതായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) 136 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) കാണാതായ പെൺകുട്ടികളെ കണ്ടെത്തുന്നതിനായി ക്രൈം കാർഡ് തയ്യാറാക്കി മറ്റ് പോലീസ് സ്റ്റേഷനുകളിലേക്ക് അയച്ചു കൊടുത്തും പത്ര-മാധ്യമങ്ങളിൽ കൂടിയും സോഷ്യൽ മീഡിയ വഴിയും കാണാതായ കുട്ടികളെ സംബന്ധിച്ചുള്ള അറിയിപ്പ് നൽകിയും മൊബൈൽ ഫോൺ പിൻതുടർന്ന് വിവരങ്ങൾ ശേഖരിച്ചും കാണാതായ കുട്ടികളുടെ സഹപാഠികൾ, അധ്യാപകർ, ബന്ധുക്കൾ, അയൽക്കാർ എന്നിവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും ഊർജ്ജിതമായ അന്വേഷണം നടത്തിയും വരുന്നു. |
| (സി) ഇങ്ങനെ കാണാതെ പോയ പെൺകുട്ടികളെ കണ്ടെത്തിയിട്ടുണ്ടോ; എത്ര കുട്ടികളെ കണ്ടെത്തി; വിശദാംശം ലഭ്യമാക്കാമോ? | (സി) ഉണ്ട്. കാണാതെ പോയ 136 പെൺകുട്ടികളിൽ 133 പേരെയും കണ്ടെത്തിയിട്ടുണ്ട്. കാണാതായ പെൺകുട്ടികളെ കണ്ടെത്തി കോടതികളിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭൂരിഭാഗവും കമിതാക്കൾക്കൊപ്പമാണ് പോയതെന്നും സ്വന്ത ഇഷ്ടപ്രകാരമാണ് പോയതെന്നും കോടതിയെ അറിയിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ